I/83016/2024

കേരള സർക്കാർ

**കേരള ഫിഷറീസ് വകുപ്പ് ഡയറക്ടറുടെ നടപടി ക്രമം, തിരുവനന്തപുരം**

വിഷയം:- ഫിഷറീസ് – ജീവനക്കാര്യം – ശ്രീമതി.രേഖ.പി.എസ്, സീനിയർ ക്ലാർക്ക് - ശൂന്യവേതന അവധിയുടെ കാലാവധി കഴിഞ്ഞു ജോലിയിൽ തിരികെ പ്രവേശിക്കാത്തത് - സർവീസിൽ നിന്നും നീക്കം ചെയ്തുകൊണ്ടും അച്ചടക്ക നടപടി തീർപ്പാക്കികൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1) ഈ ഓഫീസിൽ നിന്നും ശ്രീമതി.രേഖ.പി.എസ്-ന്ന നൽകിയ 10/02/2023-ലെ DFTVM/3844/2022-ജെ1 നമ്പർ ചാർജ് മെമ്മോ

2) ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മദ്ധ്യ മേഖല), എറണാകുളത്തിന്റെ 22/06/2023-ലെ എ1/733/2012 നമ്പർ കത്ത്

3) ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മദ്ധ്യ മേഖല), എറണാകുളത്തിന്റെ 18/08/2023-ലെ എ1/733/2012 നമ്പർ കത്ത്

4) ഫിഷറീസ് ഡയറക്ടറുടെ 15/09/2023-ലെ DFTVM/3844/2022-ജെ1 നമ്പർ ഉത്തരവ്

5) ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (മേഖല), എറണാകുളത്തിന്റെ 17/10/2023-ലെ DDFEKM/894/2023-A1 നമ്പർ അന്വേഷണ റിപ്പോർട്ട്

6) ഈ ഓഫീസിൽ നിന്നും ശ്രീമതി.രേഖ.പി.എസ്-ന്ന നൽകിയ 02/11/2023-ലെ DFTVM/3844/2022-ജെ1 നമ്പർ നോട്ടീസ്

7) ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മദ്ധ്യ മേഖല), എറണാകുളത്തിന്റെ 12/12/2023-ലെ A1/733/2012 നമ്പർ കത്ത്

***ഉത്തരവ് നമ്പർ .DFTVM/3844/2022-ജെ1 തീയതി:25-01-2024***

ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മദ്ധ്യ മേഖല), എറണാകുളം ഓഫീസിൽ സീനിയർ ക്ലാർക്ക് തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീമതി.രേഖ.പി.എസ് 01/11/2013 മുതൽ Appendix XII A, XII C, Part I KSR & GO(P)471/2012/Fin dated 23/08/2012-ന്റെ അടിസ്ഥാനത്തിൽ പങ്കാളിയോടൊപ്പം ചേരുന്നതിനുള്ള ശൂന്യവേതന അവധിയിൽ പ്രവേശിക്കുകയും അവധി ദീർഘിപ്പിച്ചുകൊണ്ട് 31/10/2022 വരെ തുടർച്ചയായ 9 വർഷം മേൽ പ്രസ്താവിത അവധിയിൽ തുടരുകയും ചെയ്തിരുന്നു. 01/11/2022-ന്ന സേവനത്തിൽ തിരികെ പ്രവേശിക്കേണ്ട ശ്രീമതി.രേഖ.പി.എസ് നിശ്ചിത സമയത്ത് സേവനത്തിൽ തിരികെ പ്രവേശിക്കുകയുണ്ടായില്ല.

30/12/2020-ലെ 83/2020/ധന സർക്കുലറിലെ ഖണ്ഡിക 1 പ്രകാരം KSR ഭാഗം-I അനുബന്ധം XII-A, XII-C എന്നിവ പ്രകാരമോ ഇവ രണ്ടും ചേർത്തോ ഒരു ഉദ്യോഗസ്ഥന് സർവീസ് കാലയളവിൽ അനുവദിക്കാവുന്ന ശൂന്യവേതന അവധി 05/11/2020 മുതൽ പ്രാബല്യത്തിൽ പരമാവധി 5 വർഷമായിരിക്കും എന്നും അവധി അവസാനിക്കുന്ന മുറക്ക്, അഥവാ 5 വർഷത്തിന് ശേഷം തിരികെ ജോലിക്ക് ഹാജരാകാത്ത പക്ഷം KSR ഭാഗം-I അനുബന്ധം XII-A ചട്ടം 9 / XII-C ചട്ടം 10 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു.

മേൽ വിവരം ഫിഷറീസ് ജോയിന്റ് ഡയറക്ടർ (മദ്ധ്യ മേഖല) എറണാകുളം ടിയാളെ